# സ്കൂൾ വിവരങ്ങൾ

| | |
|---|---|
| റവന്യൂ ജില്ല | : മലപ്പുറം |
| സ്കൂൾ കോഡ് | : 19754 |
| സ്കൂളിന്റെ പേര് | : ഡി.വി.എ.എൽ.പി.എസ് പുറത്തൂർ |
| മേൽവിലാസം | : പുറത്തൂർ (P.O), മലപ്പുറം ജില്ല |
| പിൻകോഡ് | : 676102 |
| ഫോൺനമ്പർ | : 9188010547 |
| ഇ-മെയിൽ അഡ്രസ് | : dvalpspurathur@gmail.com |
| പഞ്ചായത്ത് | : പുറത്തൂർ |
| വിദ്യാഭ്യാസ ജില്ല | : തിരൂർ |
| സബ് ജില്ല | : തിരൂർ |
| ക്ലാസുകൾ | : 1 മുതൽ 4 വരെ |
| മാനേജ്മെന്റ് | : എയ്ഡഡ് |
| പഠനമാധ്യമം | : മലയാളം |

# - അക്കാദമിക മാസ്റ്റർ പ്ലാൻ -

ഡി.വി.എൽ.പി.എസ് പുറത്തൂർ

# ആമുഖം

മലപ്പുറം ജില്ലയിൽ തിരൂർ താലൂക്കിൽ പുറത്തൂർ പഞ്ചായത്തിലാണ് ദേവി വിലാസം എ.എൽ പി. സ്കൂൾ സ്ഥിതിചെയ്യുന്നത്. ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശമാണ് എന്ന വസ്തുത പ്രാവർത്തികമാക്കികൊണ്ട് അക്കാദമിക രംഗത്തും കലാരംഗത്തും കായികരംഗത്തും വളരെ നല്ലരീതിയിൽ തന്നെ മികവ് വർധിപ്പിക്കാൻ സ്കൂളിന് കഴിയുന്നു. എല്ലാകുട്ടികളെയും ഉൾപ്പെടുത്തിയിട്ടുള്ള വിദ്യാഭ്യാസം [Inclusive education] പ്രാവർത്തികമാക്കാനായി വൈവിധ്യമാർന്ന ബോധനതന്ത്രങ്ങൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കാൻ സ്കൂളിന് കഴിയുന്നു.

സംസ്ഥാനതലത്തിലുള്ള സ്കോളർഷിപ്പ് മത്സര പരീക്ഷകളിൽ (LSS) പരിശീലനം നൽകുകയും മികവാർന്ന വിജയം നേടാനും സ്കൂളിന് കഴിയുന്നുണ്ട്. അക്കാദമിക രംഗത്ത് മികവിന് കാരണം ചിട്ടയായ പ്ലാനിങ്ങും അതിനനുസരിച്ചുള്ള പ്രവർത്തനങ്ങളുമാണ്. ഓരോ പ്രവർത്തനവും കൃത്യമായി വിലയിരുത്തുകയും പോരായ്മകളുണ്ടെങ്കിൽ അപ്പപ്പോൾ പരിഹരിക്കുകയും ചെയ്യുന്നുണ്ട്. പൊതു വിദ്യാലയ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി അക്കാദമിക രംഗത്തെ മുന്നേറ്റത്തിന് ആവശ്യമായ ഭൗതിക സാഹചര്യങ്ങൾ ഒരുക്കുന്നതിന് പി.ടി.എ യുടെ ഇടപെടലും മാനേജ്മെന്റിന്റെ പൂർണമായ സഹകരണവും ഉറപ്പുവരുത്താൻ കഴിയുന്നു.

സ്കൂളിന്റെ അക്കാദമിക നിലവാരം മുന്നോനും കൂടുതൽ ഗുണപരമായ പാഠ്യപാഠ്യേതര പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്താനുമാണ് ഈ അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയത്. ഇതിലെ ഓരോ പ്രവർത്തനവും നടപ്പിലാക്കി കുട്ടികൾക്ക് ആവശ്യമായതെന്തോ അത് നൽകാനും നാളെ-യുടെ വാഗ്ദാനങ്ങളായി അവരെ മാറ്റാനും നമുക്ക് സാധിക്കുമെന്ന് പ്രതീക്ഷിക്കട്ടെ....

# ഡി.വി.എ.എൽ.പി സ്കൂൾ ചരിത്രം

മലപ്പുറം ജില്ലയിൽ തിരൂർ താലൂക്കിൽ പുറത്തൂർ ഗ്രാമപഞ്ചായത്തിലാണ് പുറത്തൂർ ദേവി വിലാസം എ.എൽ.പി. സ്കൂൾ എന്ന പേരിലറിയപ്പെടുന്ന ഈ വിദ്യാലയം സ്ഥിതി ചെയ്യുന്നത്. പഴയ കാലത്ത് ഈ പ്രദേശം പൊന്നാനി താലൂക്കിന്റെ ഭാഗമായിരുന്നു. ചരിത്ര പ്രാധാന്യം ഉൾക്കൊള്ളുന്ന വെട്ടത്തു രാജാക്കന്മാരുടെ ഭരണത്തിൻ കീഴിലായിരുന്ന ഒരുകാലത്ത് ഈ പ്രദേശം. താരതമ്യേന ദരിദ്രരായ ജനവിഭാഗമാണ് ഈ പ്രദേശത്ത് മുൻപും ഇപ്പോഴും ജീവിച്ചു വരുന്നത്. കാർഷിക മേഖലയിലും മത്സ്യ ബന്ധനത്തിലും. പണിയെടുക്കുന്ന ഇവരിൽ ഭൂരിഭാഗവും. അതുകൊണ്ട് തന്നെ വർഷങ്ങൾക്കു മുൻപ് ഈ പ്രദേശം വിദ്യാഭ്യാസ പരമായി വളരെയധികം പിന്നോക്കം നിന്നിരുന്നു. ഈ കാലഘട്ടത്തിലാണ് നൂറ്റാണ്ടുകൾക്ക് മുൻപ് ഈ പ്രദേശത്തെ ജനങ്ങളുടെ വിദ്യാഭ്യാസ പുരോഗതിയിലെ ഒരു ദീപനാളമായി ഈ വിദ്യാലയം സ്ഥാപിക്കപ്പെട്ടത്. കൃത്യമായി പറഞ്ഞാൽ 1894 ൽ സ്ഥാപിതമായ ഈ വിദ്യാലയം 130 വർഷങ്ങൾ പിന്നിട്ടു കഴിഞ്ഞു. ഈ വിദ്യാലയം ഇന്ന് സ്ഥിതി ചെയ്യുന്ന സ്ഥലത്തായിരുന്നില്ല ഈ വിദ്യാലയത്തിന്റെ തുടക്കം. ഏതാണ്ട് ഒന്നര കിലോമീറ്റർ ദൂരത്ത് തൃത്തല്ലൂർ എന്ന സ്ഥലത്തായിരുന്നു ഈ വിദ്യാലയം സ്ഥാപിതമായത്. വിദ്യാലയം തുടർന്ന് നടത്തി കൊണ്ടു പോകുന്നതിലുള്ള സാമ്പ-

ത്തിക പ്രയാസം കാരണം അന്നത്തെ മാനേജർ ഈ വിദ്യാലയം അവസാനിക്കുമെന്ന അവസ്ഥ വന്നപ്പോൾ വിദ്യാലയം സ്വയമേവ ഏറ്റെടുത്ത് നടത്താൻ തയ്യാറാവുകയും ഈ വിദ്യാലയം ഇന്നു കാണുന്ന സ്ഥലത്ത് സ്ഥാപിതമാവുകയും ചെയ്തു. ഒട്ടനവധി സാമൂഹിക രാഷ്ട്രീയ ഉദ്യോഗസ്ഥ തലത്തിലുള്ള പ്രമുഖരെ സംഭാവന ചെയ്യാൻ ഈ വിദ്യാലയത്തിന് കഴിഞ്ഞിട്ടുണ്ട് പുറത്തൂരിന്റെ സാമൂഹിക വിദ്യാഭ്യാസ പുരോഗതിയിലെ ഈ വിദ്യാലയത്തിന്റെ പങ്ക് അനിഷേധ്യമാണ്. തുടക്കത്തിൽ താൽക്കാലിക കെട്ടിടത്തിലും ഓലഷെഡിലും പ്രവർത്തിച്ചു വന്നിരുന്ന ഈ വിദ്യാലയം 18 ക്ലാസ്മുറികളും ഓഫീസ്റൂം കമ്പ്യൂട്ടർ ലാബ് തുടങ്ങിയ 3 പക്കാ കെട്ടിടങ്ങളിലായി പ്രവർത്തിച്ചു വരുന്നു 230 കുട്ടികളും 11 അധ്യാപകരും ഈ വിദ്യാലയത്തിലുണ്ട്. 5 ക്ലാസ്റൂം സ്മാർട്ട് ക്ലാസ്റൂമാണ്. ഈ വിദ്യാലയത്തിന്റെ പുരോഗതിയിൽ രക്ഷിതാക്കളുടെ പങ്ക് എടുത്തു പറയേണ്ടതാണ്. തുടർന്നും ഈ പ്രദേശത്തിന്റെ വിദ്യാഭ്യാസ പുരോഗതിയിൽ ഒരു നാഴികക്കല്ലായി നിലകൊള്ളുമെന്ന കാര്യത്തിൽ ഒരു സംശയവുമില്ല

## അക്കാദമികം:

### നേട്ടങ്ങൾ

LSS സ്കോളർഷിപ്പ് പരീക്ഷയിൽ വിജയത്തിളക്കം നേടാൻ സ്കൂളിന് കഴിയുന്നുണ്ട്. കുട്ടികളുടെ നിലവാരത്തിനനുസരിച്ച് ആവശ്യമായ പ്രത്യേക പരിശീലനം നൽകി കുട്ടികളിൽ ആത്മവിശ്വാസം വർദ്ധിപ്പിക്കുന്നത് വിജയത്തിളക്കത്തിലേക്ക് നയിക്കുന്നു. പ്രവർത്തനങ്ങളിലൂടെ പഠിക്കാനുതകുന്ന രീതിയിൽ ആസൂത്രണങ്ങൾ നടത്തുന്നുണ്ട്. കലാമേള, ശാസ്ത്രമേള, കായികമേള എന്നിവയിൽ കുട്ടികളുടെ മികവ് തെളിയിക്കാൻ സാധിച്ചിട്ടുണ്ട്.

സ്കൂളിന്റെ മികവായി കാണുന്ന Goal Talent പരീക്ഷ കുട്ടികളിൽ വളരെ മികച്ച രീതിയിൽ മാറ്റങ്ങൾ ഉണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട്. അതിന്റെ ഫലമായി ക്വിസ് മത്സരങ്ങളിൽ മികവാർന്ന വിജയം നേടാനും സാധിച്ചിട്ടുണ്ട്. സ്കൂൾ ബിൽഡിംഗിന്റെ ടെറസിൽ നടത്തുന്ന പച്ചക്കറി കൃഷി സ്കൂളിന്റെ മറ്റൊരു മികവായി തന്നെ കാണാൻ സാധിക്കും. 3,4 ക്ലാസിലെ കുട്ടികളുടെ പഠനപ്രവർത്തനങ്ങളുമായി ബന്ധപ്പെടുത്തി നടത്തുന്ന ഈ പ്രവർത്തനം വിജയകരമായി എല്ലാ വർഷവും നടന്നുവരുന്നു.

## അക്കാദമികം :

### പരിമിതികൾ

ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പുവരുത്താൻ കഴിയുന്നുണ്ടെങ്കിലും എല്ലാ ക്ലാസ് മുറികളും ഹൈടെക് നിലവാരത്തിലേക്കുയർന്നിട്ടില്ല എന്നത് പരിമിതിയാണ്. 3 ക്ലാസ്മുറികൾ സ്മാർട്ട് ക്ലാസ്സും ആണെങ്കിലും ബാക്കിയുള്ള ക്ലാസ്മുറികൾ കൂടി ഈ അവസ്ഥയിലെത്തേണ്ടതുണ്ട്. ലൈബ്രറി, കമ്പ്യൂട്ടർ ലാബ് ഇവ പ്രത്യേക മുറികളിലാക്കി ഒരുക്കേണ്ടതുണ്ട്. അതും സ്കൂളിന്റെ ഒരു പരിമിതിയാണ്. ഭാഷാ വികസന ശേഷികൾ ഫലവത്താകാൻ കൂടുതൽ പ്രവർത്തന പാക്കേജുകൾ കാര്യക്ഷമമായി നടത്തേണ്ടതുണ്ട്.

അക്കാദമിക പഠന പ്രവർത്തനങ്ങളോടൊപ്പം തന്നെ കുട്ടികളുടെ സേവന മനോഭാവം വർദ്ധിപ്പിക്കാൻ കഴിയുന്ന രീതിയിലുള്ള Scout, Guide, JRC എന്നീ വൈവിധ്യമാർന്ന സംഘടനകൾ തുടങ്ങാൻ കഴിഞ്ഞിട്ടില്ല. ഈ അധ്യയന വർഷത്തിൽ അതിന് തുടക്കമിടാൻ സാധിക്കും എന്ന് പ്രതീക്ഷിക്കുന്നു.

# ഭൗതികം :

## നേട്ടങ്ങൾ

നിലവിൽ 3 ക്ലാസ് സ്മാർട്ട് ക്ലാസ് ആക്കിയിട്ടുണ്ട്. ലാപ്ടോപ്പ്, പ്രൊജക്ടർ എന്നിവ സ്കൂളിൽ ലഭ്യമാക്കിയിട്ടുണ്ട്. എല്ലാ ക്ലാസ് മുറികളിലും ടൈൽസ് പാകിയിട്ടുണ്ട്. ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും വെവ്വേറെ ശുചിമുറികളുണ്ട്. പാത്രം കഴുകാനും കൈ കഴുകാനും സാഹചര്യങ്ങൾ ഒരുക്കിയിട്ടുണ്ട്. കുട്ടികൾക്ക് ശുദ്ധമായ വെള്ളം കുടിക്കാൻ ഫിൽട്ടർ (water purifer) സംവിധാനം ഒരുക്കിയിട്ടുണ്ട്. വൃത്തിയുള്ള ഒരു പാചകശാല സ്കൂളിനുണ്ട്. ഓരോ ക്ലാസ് മുറികളിലും ആവശ്യത്തിന് ബെഞ്ചും ഡെസ്കും ലഭ്യമാക്കിയിട്ടുണ്ട്. എല്ലാ ക്ലാസ് മുറികളിലും ലൈറ്റും ഫാനും സജ്ജമാക്കിയിട്ടുണ്ട്.

## ഭൗതികം :

### പരിമിതികൾ

ലൈബ്രറിയും Computer ലാബും നമ്മുടെ സ്കൂളിൽ ഉണ്ടെങ്കിലും അത് വേണ്ട വിധത്തിൽ ഡിസ്പ്ലേ ചെയ്യാനുള്ള സൗകര്യം ഇല്ല. ലൈബ്രറി റീഡിംഗ് റൂം സൗകര്യം വിശാലമായ റൂമിലേക്ക് മാറ്റേണ്ടതുണ്ട്. അതുപോലെ Computer ലാബും പ്രത്യേക റൂമിലേക്ക് മാറ്റേണ്ടതുണ്ട്. കുട്ടികൾക്ക് ശാരീരികമായി ഉണ്ടാകുന്ന അവശതകൾ വരുമ്പോൾ വിശ്രമിക്കാൻ ഓഫീസ്റൂമിൽ സൗകര്യം ഉണ്ടെങ്കിലും അതിന് മാത്രമായി ഒരു വിശ്രമമുറി ഇല്ല.

സ്കൂളിലെ പരിപാടികൾ നടത്തുവാനായി ഒരു hall ഉണ്ടെങ്കിലും ഒരു stage സ്കൂളിനില്ല. വിശാലമായ കളിസ്ഥലം സ്കൂളിന് ഇല്ല എന്നത് വേറൊരു പരിമിതിയാണ്.

കുട്ടികൾക്ക് പ്രാഥമികാവശ്യങ്ങൾ നിർവ്വഹിക്കുന്നതിന് ഉതകുന്ന ആധുനിക സൗകര്യമുള്ള ശൗചാലയങ്ങൾ പണിയണം. നിലവിലുള്ളവ മെച്ചപ്പെടുത്തേണ്ടതുണ്ട്.

കുട്ടികൾക്ക് ഉച്ചഭക്ഷണം കഴിക്കാനുള്ള ഭോജനശാല നിലവിൽ സ്കൂളിൽ ഇല്ല. ആധുനിക സൗകര്യത്തോടുകൂടിയ ഒരു ഭോജനശാല നിർമ്മിക്കണം. ഇതിൽ ആവശ്യത്തിന് വാഷ്ബേസിനുകളും പാത്രങ്ങളും മറ്റും ലഭ്യമാക്കണം.

ആകർഷകമായ വിധത്തിൽ പൂന്തോട്ടം, ജൈവവൈവിധ്യ പാർക്ക് എന്നിവ ഒരുക്കേണ്ടതുണ്ട്. കുട്ടികളുടെ കലാവാസന പ്രോത്സാഹിപ്പിക്കുന്നതിന് ആവശ്യമായ സംഗീത ഉപകരണങ്ങൾ മുൾപ്പെടെ പ്രത്യേക റൂം സൗകര്യമൊരുക്കണം.

# സാമൂഹികം :

## നേട്ടങ്ങൾ

സ്കൂളിലെ വൈവിധ്യമാർന്ന സന്നദ്ധ സംഘടനകളുടെ പ്രവർത്തനം സമൂഹവുമായി സ്കൂളിനെ ബന്ധിപ്പിക്കുന്നതിന് ഏറെ സഹായിക്കുന്നു. അതുപോലെ സ്കൂളിലെ വിവിധ ക്ലബുകളുടെ പ്രവർത്തനങ്ങൾ സമൂഹവുമായി സ്കൂളിനെ ബന്ധിപ്പിക്കുന്നു.

## പരിമിതികൾ

പ്രവർത്തനങ്ങളുടെ ബാഹുല്യം കൊണ്ടും പഠനസമയം കൂടുതൽ നഷ്ടപ്പെടുന്നതിനാലും പഠനസമയത്തുള്ള ചില പ്രവർത്തനങ്ങളെങ്കിലും ഏറ്റെടുക്കാനുള്ള പരിമിതി ഉണ്ട്.

# അക്കാദമിക മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ

## വികസന ലക്ഷ്യങ്ങൾ

1. ഭാഷാശേഷി വികസനം
2. ഗണിത ശേഷി വികസനം
3. ഇംഗ്ലീഷ് പഠനം - അന്താരാഷ്ട്രവൽക്കരമാക്കൽ
4. വായനാ ശേഷി വർദ്ധിപ്പിക്കൽ
5. ശാസ്ത്ര പോഷണ പരിപാടി
6. പ്രതിഭാ പോഷണ പരിപാടി
7. ലൈബ്രറി ശാക്തീകരണം.
8. ജൈവവൈവിധ്യ പാർക്ക് - ഒരുക്കൽ
9. സ്കോളർഷിപ്പ് പരീക്ഷാ പരിശീലനം
10. അധ്യാപക ശാക്തീകരണം - School SRG. തലം
11. പ്രവൃത്തി പരിചയ പരിശീലനം
12. കലാ പരിപോഷണം
13. പച്ചക്കറിത്തോട്ടം
14. ദിനാചരണങ്ങൾ - ശക്തിപ്പെടുത്തൽ
15. കായികശേഷി വികസനം
16. വിലയിരുത്തൽ - കാര്യക്ഷമമാക്കൽ
17. ഐ.ടി. പഠനം - കാര്യക്ഷമമാക്കൽ
18. ജന്മദിന പുസ്തകം.
19. ശാസ്ത്ര, കായിക, കലാ മേളകൾ
20. ക്ലാസ് പി.ടി.എ കാര്യക്ഷമമാക്കൽ

# മലയാളം

## പ്രവർത്തനം. 1 – ഭാഷാശേഷി വികസനം.

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1. എല്ലാ കുട്ടികൾക്കും മലയാളം അനായാസമായി എഴുതാനും വായിക്കാനും ഉള്ള ശേഷി വികസനം | 1) അക്ഷര ഉറപ്പിക്കൽ<br>2) ചിഹ്നം ഉറപ്പിക്കൽ<br>3) പദ നിർമ്മാണം<br>4) വാക്യനിർമ്മാണം<br>5) ഭാഷാപരമായി പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേക ക്ലാസ് | 3 മാസം<br>1 വർഷം | ക്ലാസ് ടീച്ചർ, SRG | PTA |
| 2. എല്ലാ കുട്ടികളെയും സ്വതന്ത്ര വായനക്കാരാക്കുക | 1) ക്ലാസ് വായനാക്കൂട്ടം രൂപീകരിക്കൽ<br>2) ക്ലാസ് ലൈബ്രറി നവീകരിക്കൽ | 6 മാസം | വിദ്യാരംഗം ചാർജ് ടീച്ചർ | PTA |
| | 3) വായനക്കൊരു വാർഷിക പദ്ധതി. [ഓരോ ക്ലാസിലെയും വായനാലക്ഷ്യം തീരുമാനിക്കൽ]<br>4. സ്കൂൾ ലൈബ്രറി നവീകരണം<br>5. റീഡിംഗ് റൂം പ്രത്യേക സൗകര്യമൊരുക്കൽ<br>6. വായനോത്സവം<br>7. ജന്മദിന പുസ്തകം<br>8. പത്രവായന | 3 മാസം | ക്ലാസ് ടീച്ചർ | |
| | 9. ക്ലാസ് നിലവാരത്തിനനുസരിച്ച് പുസ്തകങ്ങൾ ലഭ്യമാക്കൽ | ആവശ്യാനുസരിച്ച് | ക്ലാസ് ടീച്ചർ | PTA<br>5,00,000/- |
| | 10. അമ്മമാർക്കൊരു പുസ്തകം (വീടുകളിലേക്ക് കുട്ടികൾ വഴി) | once in a week | വിദ്യാരംഗം | PTA |

# ഇംഗ്ലീഷ്

## പ്രവർത്തനം :- ഭാഷാ ശേഷി വികസനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1) എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് നന്നായി വായിക്കാനും എഴുതാനും സംസാരിക്കാനും ഉള്ള ശേഷി വികസനം. | 1) ഇംഗ്ലീഷിൽ തന്നെ ഇംഗ്ലീഷ് ക്ലാസ് കൈകാര്യം ചെയ്യൽ | എല്ലാ ക്ലാസും | ക്ലാസ് ടീച്ചർ | |
| | 2) ഇംഗ്ലീഷ് ക്ലബിന്റെ പ്രവർത്തനം കാര്യക്ഷമമാക്കൽ - Hello English പോലെയുള്ള programme നടത്തൽ | Once in a month | English club teacher | |
| | 3) ആഴ്ചയിൽ ഒരു ദിവസം ഇംഗ്ലീഷ് അസംബ്ലി. മാറി മാറി ഓരോ ക്ലാസിനും ചുമതല | Once in a week | ക്ലാസ് ടീച്ചർ | |
| | 4) ഇംഗ്ലീഷിൽ ഡയറി എഴുതൽ. | എല്ലാ ദിവസവും | ടീച്ചർ | |
| 2) ഇംഗ്ലീഷ് ഭാഷയിൽ സർഗ്ഗാത്മക ശേഷി വികസനം | 1) പാഠഭാഗങ്ങളെ വ്യത്യസ്തമായ വ്യവഹാര രൂപങ്ങളിലേക്ക് മാറ്റി അവതരണം. (Skit, Drama, conversation, etc). | | | PTA 2000 |
| | 2) ഇംഗ്ലീഷ് കഥ, കവിതാ രചനാ ക്യാമ്പ് | | | |

# ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1) കുട്ടികളിൽ ശാസ്ത്രാഭിരുചി വളർത്തൽ | 1) ശാസ്ത്രതത്ത്വങ്ങൾ ലളിതമായ പരീക്ഷണങ്ങളിലൂടെയുള്ള കുട്ടികളുടെ അവതരണം പരീക്ഷണക്കളരി- പരീക്ഷണങ്ങൾ പൊതുസമൂഹത്തിന്റെ മുന്നിൽ പ്രദർശിപ്പിക്കൽ | വർഷത്തിൽ 1 തവണ | Science club | PTA 1000 |
| | 2) സ്കൂൾ തല സയൻസ് എക്സിബിഷൻ | വർഷത്തിൽ 1 തവണ | Science club | PTA |
| | 3) ഗവേഷണാത്മക project കളെടുത്തുള്ള പഠനം (സർവ്വെ, അഭിമുഖം, നിരീക്ഷണം etc). | ആവശ്യമുള്ള സന്ദർഭങ്ങളിൽ | ക്ലാസ് ടീച്ചർ | PTA |
| 2) ശാസ്ത്രമേളകളിൽ പൂർണ്ണ പങ്കാളിത്തം ഉറപ്പുവരുത്തൽ | 1) മേളകളിൽ പങ്കെടുക്കുന്ന കുട്ടികൾക്ക് പരമാവധി പ്രോത്സാഹനം നൽകൽ | 3 മാസം | Science club. | PTA |

# ഗണിതം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1) ഗണിത പഠന പ്രവർത്തനങ്ങൾ ലളിതമാക്കൽ | 1) ഗണിത ലാബ് പ്രത്യേകമായി സജ്ജീകരിക്കുകയും കുട്ടികൾക്ക് ഗണിതാശയങ്ങൾ ലളിതമായി അവതരിപ്പിക്കുകയും ചെയ്യുക. | June | PTA<br>Maths club | 1,00,00/- |
| 2) ഗണിതത്തിലെ അടിസ്ഥാന ആശയങ്ങൾ ഉറപ്പിക്കൽ | 1) വർക്ക്ഷീറ്റുകൾ ഉപയോഗിച്ച് കുട്ടികളിൽ അടിസ്ഥാന ആശയങ്ങൾ ഉറപ്പിക്കുന്നു.<br>2) ക്ലാസിലെ കണക്കിൽ മിടുക്കരായ കുട്ടികളെ ഉപയോഗിച്ച് അടിസ്ഥാന ഗണിതാശയങ്ങൾ ഉറപ്പിക്കൽ | ആദ്യ 2 മാസം | ക്ലാസ് ടീച്ചർ | PTA |
| 3) ഗണിത ക്ലിനിക്ക് | 1) ഏറ്റവും മികച്ച വിദ്യാർത്ഥികളെയും അധ്യാപകരെയും ഉപയോഗപ്പെടുത്തി ഗണിത ക്ലിനിക്ക്. | വർഷത്തിൽ 1 തവണ | Maths club | |

## ദിനാചരണങ്ങൾ

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| വിവിധ ശേഷികളുടെ വികസനം | ജൂൺ മുതൽ മാർച്ച് വരെ പ്രധാന ദിനാചരണങ്ങൾ പഠന പ്രവർത്തനവുമായി സംഘടിപ്പിക്കൽ | June to March | SRG | |

## സ്കോളർഷിപ്പ് പരീക്ഷാ പരിശീലനം (LSS)

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പരമാവധി കുട്ടികൾക്ക് സ്കോളർഷിപ്പ് പരീക്ഷ മത്സരപരീക്ഷയിലൂടെ ലഭ്യമാക്കൽ | സ്കോളർഷിപ്പ് പരീക്ഷക്ക് ചിട്ടയായ പരിശീലനം നൽകുന്നു. | 1 വർഷം | LSS teacher | |

## CPTA ശക്തിപ്പെടുത്തൽ

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| CPTA ശക്തിപ്പെടുത്തി മുഴുവൻ രക്ഷിതാക്കൾക്കും കുട്ടികളുടെ മികവ്, പോരായ്മകൾ എന്നിവ തിരിച്ചറിയാനും മുന്നോട്ടെത്തിക്കുന്നതിൽ സഹകരണം ഉറപ്പു വരുത്തലും. | CPTA യോഗം കാര്യക്ഷമമായി നടത്തൽ, കുട്ടികളുടെ പഠന നേട്ടങ്ങൾ, പഠന തെളിവുകൾ, എത്താതെ പോയ പഠനനേട്ടം തുടങ്ങിയവയുടെ അവതരണം CPTA യിൽ. | 3 മാസത്തിൽ ഒരിക്കൽ | PTA SRG. ക്ലാസ് ടീച്ചർ | PTA 2000 for refreshment |

## പരിസ്ഥിതി സംരക്ഷണം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1) ജൈവ വൈവിധ്യ പാർക്ക് ഒരുക്കൽ, ജൈവ പന്തലൊരുക്കൽ | 1) സ്കൂൾ തന്നെ പാഠപുസ്തകം എന്ന ആശയം പ്രാവർത്തികമാക്കി ഒരുക്കിയ ജൈവ വൈവിധ്യ പാർക്ക് ഒരുക്കൽ, വള്ളിപ്പടർപ്പുകൊണ്ട് ജൈവ പന്തലൊരുക്കൽ | 3 മാസം | Eco club | PTA 4000/- |
| 2) സ്കൂൾ മുറ്റത്തൊരു ഔഷധത്തോട്ടം ഒരുക്കൽ | 1) ഔഷധസസ്യങ്ങളെയും ഔഷധ സസ്യങ്ങളുടെ പ്രാധാന്യം തിരിച്ചറിയുന്നതിനും ഔഷധത്തോട്ടം വിപുലപ്പെടുത്തൽ | 3 മാസം | Eco club | PTA 4000/- |

## പ്രവൃത്തി പരിചയം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1) പ്രവൃത്തി പരിചയ പരിശീലനം | 1) തല്പരരായ കുട്ടികൾക്ക് പ്രവൃത്തി പരിചയത്തിൽ പരിശീലനം നൽകി മികച്ച ഉത്പന്നങ്ങൾ ഉണ്ടാക്കൽ. ഇതിനായി വിദഗ്ദരുടെ സേവനം ഉപയോഗപ്പെടുത്തൽ | 1 മാസം | SRG | 5,000/- തദ്ദേശ സ്വയംഭരണ സ്ഥാപനം |

## കലാ പരിപോഷണം

| ലക്ഷ്യം | പ്രവർത്തനം | ചുമതല | കാലം | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികളുടെ സർഗവാസനകളെ പരിപോഷിപ്പിക്കൽ | കുട്ടികളുടെ സർഗവാസനകൾ കണ്ടെത്തുകയും അവ പരിപോഷിപ്പിക്കുകയും ചെയ്യുക. [സംഗീതം, നൃത്തം, അഭിനയ കഥാരചന, കവിതാരചന, കവിതാലാപനം, ഉപകരണ സംഗീതം etc] | SRG | 1 വർഷം | PTA 50,000/- |
| | കലാരംഗത്ത് വിദഗ്ദരായവരെ പങ്കെടുപ്പിച്ച് പരിശീലനം നൽകൽ | SRG | 1 വർഷം | |

## കായിക വിദ്യാഭ്യാസം

| ലക്ഷ്യം | പ്രവർത്തനം | ചുമതല | കാലം | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികളുടെ കായികശേഷി വർധിപ്പിച്ച് മികവിലെത്തിക്കൽ | ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും ഓട്ടം, ചാട്ടം, തുടങ്ങിയവയിൽ പരിശീലനം നൽകൽ സംസ്ഥാനതല മത്സരങ്ങളിൽ എത്തി മികവ് പ്രകടിപ്പിക്കുന്നതിന് ആവശ്യമായ പരിശീലനം നൽകൽ | Sports duty teacher | 1 വർഷം | PTA |

## സ്മാർട്ട് ക്ലാസ് മുറികൾ

| ലക്ഷ്യം | പ്രവർത്തനം | ചുമതല | കാലം | സാമ്പത്തികം |
|---|---|---|---|---|
| സ്കൂളിലെ എല്ലാ ക്ലാസ് മുറികളും ഹൈടെക് ആക്കൽ | പൂർവ്വ വിദ്യാർത്ഥികൾ ജനപ്രതിനിധികൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മാനേജ്മെന്റ് തുടങ്ങിയവരുടെ സഹകരണത്തോടെ ബാക്കിയുള്ള ക്ലാസ് മുറികൾ സ്മാർട്ട് ക്ലാസ് ആക്കുന്ന പ്രവർത്തനം | PTA | 6 മാസം | ജനപ്രതിനിധികൾ പൂർവ്വ വിദ്യാർത്ഥികൾ മാനേജ്മെന്റ് 5,00,000/- |

# ഉപസംഹാരം

ഡി.വി.എ.എൽ.പി. സ്കൂളിന്റെ ഈ അക്കാദമിക മാസ്റ്റർ പ്ലാൻ സ്കൂളിന്റെ പാഠ്യപാഠ്യേതര പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് കൃത്യമായ ദിശാബോധത്തോടെ തയ്യാറാക്കിയതാണ്. കുട്ടിയുടെ സർവ്വതോന്മുഖമായ വികാസമാണ് വിദ്യാഭ്യാസം കൊണ്ട് ലക്ഷ്യമാക്കുന്നത്. ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടിയുടെ അവകാശമാണ് എന്ന ആശയം പൂർണ്ണമായും പ്രാവർത്തികമാക്കാൻ ഈ അക്കാദമിക മാസ്റ്റർ പ്ലാനിൽ രേഖപ്പെടുത്തിയ പ്രവർത്തനങ്ങളിലൂടെ സാധിക്കും എന്ന വിശ്വാസമുണ്ട്. പഠനപ്രവർത്തനങ്ങൾക്ക് അനുബന്ധമായുള്ള ഈ പ്രവർത്തനങ്ങൾ ഉദ്ദേശിച്ച രീതിയിൽ നടപ്പിലാക്കാൻ രക്ഷിതാക്കളുടെയും സമൂഹത്തിന്റെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ജനപ്രതിനിധികളുടെയും സഹായം കൊണ്ട് സ്കൂളിന് സാധിക്കും എന്ന വിശ്വാസത്തോടെയാണ് ഈ അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയത്. അതിനു കഴിയുമെന്ന ഉത്തമവിശ്വാസവും ഞങ്ങൾക്കുണ്ട്.